**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1121** **09-10-2024 - ൽ മറുപടിയ്ക്ക്**

**അമേരിക്ക ചെമ്മീൻ കയറ്റുമതിക്ക് ഏർപ്പെടുത്തിയ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കടലാമ സംരക്ഷണത്തിന്റെ പേരിൽ അമേരിക്ക ഇന്ത്യയിൽ നിന്നുള്ള ചെമ്മീൻ ഇറക്കുമതിക്ക് നിയന്ത്രണം ഏർപ്പെടുത്തിയത് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കും മത്സ്യവ്യവസായത്തിനും കടുത്ത പ്രഹരം ഏല്പിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേരളത്തിൽ നിന്നും അമേരിക്കയിലേക്ക് പ്രതിവർഷം 800 കോടി രൂപയുടെ ചെമ്മീനാണ് കയറ്റുമതി ചെയ്തിരുന്നത്. പ്രസ്തുത കയറ്റുമതി രംഗത്ത് വന്നിരിക്കുന്ന കുറവ് കാരണം സംസ്ഥാനത്ത് കടലിൽ നിന്ന് പിടിക്കുന്ന ചെമ്മീൻ വളരെ കുറഞ്ഞ വിലയിൽ ആഭ്യന്തര മാർക്കറ്റിൽ വിറ്റഴിക്കേണ്ട സാഹചര്യം ഉടലെടുക്കുകയും ഇതിലൂടെ മത്സ്യത്തൊഴിലാളികളുടെ വരുമാനവും പീലിംഗ് തൊഴിലാളികളുടെ തൊഴിലും ഗണ്യമായി കുറയുകയും ചെയ്യുന്നു. |
| (ബി) | കേരളത്തിന് എത്ര കോടി രൂപയുടെ നഷ്ടമാണ് നിയന്ത്രണംമൂലം ഉണ്ടാകുക എന്ന് കണക്കാക്കിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ; | (ബി) | ഇന്ത്യയിൽ നിന്ന് അമേരിക്കയിലേക്കുള്ള ചെമ്മീന്റെ കയറ്റുമതിയിൽ കേരളം വലിയ സംഭാവന നൽകിയിരുന്നു. 2019 ഓഗസ്റ്റിൽ ഇന്ത്യയിൽ നിന്നുള്ള ചെമ്മീൻ ഇറക്കുമതി ചെയ്യുന്നതിന് യു.എസ്എ നിരോധനം ഏർപ്പെടുത്തി. 2019 വരെ കേരളത്തിൽ നിന്ന് യു.എസ്.എയിലേക്കുള്ള ചെമ്മീൻ കയറ്റുമതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>ഇന്ത്യയിൽ നിന്നുള്ള ചെമ്മീൻ ഇറക്കുമതി അമേരിക്ക നിരോധിച്ചതിനാൽ കേരളത്തിൽ നിന്നുള്ള സമുദ്രോത്പന്ന കയറ്റുമതിക്കാർക്ക് യുഎസ് വിപണിയുടെ വിഹിതം നഷ്ടപ്പെടുവാൻ ഇടയായിട്ടുണ്ട്. ഇതിനാൽ മറ്റു വിപണികൾ വാഗ്ദാനം ചെയ്യുന്ന ചെമ്മീനിന്റെ യൂണിറ്റ് മൂല്യത്തെയും നിരോധനം ബാധിച്ചു. Marine Products Exports Development Authority (MPEDA) യുടെ രേഖകൾ പ്രകാരം ശരാശരി കയറ്റുമതി വിലയിൽ 42% ഇടിവ് രേഖപ്പെടുത്തി. അതായത് US 9.87 $/ Kg-ൽ നിന്ന് US 5.68 $/ Kg ആയി വില കുറഞ്ഞു. |

| | | | |
|---|---|---|---|
| (സി) | ഇതിന് പരിഹാരം കാണുന്നതിന് വേണ്ടി കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് അടിയന്തര തീരുമാനമെടുക്കാൻ സർക്കാർ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (സി) | അമേരിക്കയിലേക്കുള്ള ചെമ്മീൻ കയറ്റുമതി പുനരാരംഭിക്കണമെങ്കിൽ ഇന്ത്യയിൽ ഉപയോഗിക്കുന്ന എല്ലാ ട്രോൾ വലകളിലും Turtle Excluder Device (TED) ഘടിപ്പിച്ചു എന്ന് US National Oceanic and Atmospheric Administration (NOAA) സർട്ടിഫൈ ചെയ്യണം.<br><br>ബോട്ടം ട്രോൾ വലകളിൽ TED നിർബ്ബന്ധമാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ കെ. എം. എഫ്. ആർ. റൂൾ 2019-ൽ ഭേദഗതി ചെയ്തിട്ടുണ്ട്. CIFT വികസിപ്പിച്ചെടുത്തിട്ടുള്ള TED ട്രോൾ നെറ്റുകളിൽ ഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഡെമോൺസ്ട്രേഷൻ MPEDA-NETFISH-ന്റെ നേതൃത്വത്തിൽ 11 മത്സ്യബന്ധന ഹാർബറുകൾ (ശക്തികുളങ്ങര, നീണ്ടകര, അഴീക്കൽ, മുനമ്പം, തോപ്പുംപടി, മുനക്കകടവ്, പൊന്നാനി, ബേപ്പൂർ, പുതിയാപ്പ, അഴീക്കൽ, മടക്കര) കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളി സംഘടനകളുടെ സഹകരണത്തോടെ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി 18/07/2024 -ന് CIFT യിൽ വച്ച് stake holder യോഗം സംഘടിപ്പിക്കുകയും ചെയ്തു. തുടർന്ന് 24/07/2024 ന് MPEDA NETFISH, CIFT, CIFNET എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, മത്സ്യത്തൊഴിലാളി സംഘടനകൾ, സീ ഫുഡ് അസോസിയേഷൻ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി മന്ത്രിതല യോഗം ചേരുകയും തദവസരത്തിൽ, ട്രോൾ വലകളിൽ TED ഘടിപ്പിക്കുന്നത് സംബന്ധിച്ച് ബോട്ടുടമകളുടെയും മത്സ്യത്തൊഴിലാളികളുടെയും ആശങ്കകൾ ചർച്ച ചെയ്യുകയും ചെയ്തു. അമേരിക്ക ഏർപ്പെടുത്തിയിരിക്കുന്ന നിരോധനവും, വിപണിയിലെ വിലയിടിവും തരണം ചെയ്യുന്നതിന് കടൽ ചെമ്മീനിന് കൂടുതൽ ആഭ്യന്തര വിപണി കണ്ടെത്തി മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാൻ മത്സ്യഫെഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ചെമ്മീൻ കയറ്റുമതി രംഗത്തുണ്ടായ നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും വിവിധ സംഘടനാ പ്രതിനിധികളും ഉൾപ്പെട്ട ഒരു സംഘം ന്യൂഡൽഹിയിൽ പോകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബോട്ടുടമകളുടെയും മത്സ്യത്തൊഴിലാളികളുടെയും ആശങ്കകൾ പരിഹരിച്ച് വലകളിൽ TED ഘടിപ്പിക്കാനായാൽ ആഗോള കയറ്റുമതി രംഗത്ത്, പ്രത്യേകിച്ചും ചെമ്മീൻ കയറ്റുമതി രംഗത്ത് ഏറ്റവും മികച്ച വിപണിയായ |

| | | | |
|---|---|---|---|
| | | | അമേരിക്കയിലേക്ക് ചെമ്മീൻ കയറ്റുമതി സാധ്യമാകുന്നതിനും, മത്സ്യബന്ധന സമയത്ത് ബൈക്യാച്ച് കുറയ്ക്കുന്നതിനും, ഇന്ധന ക്ഷമത കൂട്ടുന്നതിനും അത് വഴി മത്സ്യബന്ധനം ലാഭകരമാക്കാനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**2019 വരെ കേരളത്തിൽ നിന്ന് യു.എസ്.എയിലേക്കുള്ള ചെമ്മീൻ കയറ്റുമതിയുടെ വിശദാംശങ്ങൾ**

| വർഷം | 2017-18 | 2018-19 |
|---|---|---|
| തൂക്കം (ടൺ) | 46815 | 36798 |
| മൂല്യം (രൂപ കോടിയിൽ) | 2021.68 | 1753.36 |
| മൂല്യം [US$(Million)] | 317.61 | 254.84 |